ഉത്തരം

(എ) ഉണ്ട്.

(ബി) കായംകുളം ശാഖ ആരംഭിക്കുന്നത് വലതുകര പ്രധാന കനാലിന്റെ വാലറ്റത്തുനിന്നും (അതായത് 69.752 കിലോമീറ്റർ) ആണ്. അതിന് 6.5 കിലോമീറ്റർ നീളം വരും.

ചാലക്കുടി റിവർ ഡൈവേർഷൻ സ്കീം

33 (2586) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി റിവർ ഡൈവേർഷൻ സ്കീമിൽനിന്നും ജലസേചനത്തിനായി വെള്ളം നല്കുന്നതിന് ജലദൗർലഭ്യം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ചാലക്കുടിപ്പുഴയിൽ വെള്ളം ലഭ്യമാക്കുന്നതിന് കേരള സർക്കാരും തമിഴ്നാട് സർക്കാരും തമ്മിൽ ഏതെങ്കിലും കരാർ നിലവിലുണ്ടോ ;

(സി) കരാർ അനുസരിച്ച് എത്ര ഘനയടി വെള്ളമാണ് ലഭ്യമാക്കേണ്ടത് എന്നും 2000 ഫെബ്രുവരി 1 വരെ എത്ര ലഭിച്ചു എന്നും വ്യക്തമാക്കുമോ ;

(ഡി) 2000 മാർച്ച് 31-ന് മുമ്പ് കരാർ പ്രകാരമുള്ള വെള്ളം ലഭ്യമാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. 1970-ലെ പറമ്പിക്കുളം അലിയാർ പദ്ധതികരാർ.

(സി) കരാർ പ്രകാരം ചാലക്കുടി നദീതടത്തിൽ നിന്നും ശരാശരി 390 ക്യൂബിക് ഫീറ്റ്/സെക്കൻഡ് എന്ന തോതിൽ 12.30 ടി.എം.സി ജലമാണ് പ്രതി വർഷം ലഭ്യമാക്കേണ്ടത്. 2000 ഫെബ്രുവരി 15 വരെ കേരളാ സർക്കാർ പവർഹൗസിൽ 11.121 ടി.എം.സി. ജലം ലഭിച്ചിട്ടുണ്ട്. കൂടാതെ 2.914 ടി.എം.സി. ജലം കേരളാ ഷോളയാർ സ്പിൽവേകളിലൂടെ വർഷകാലത്ത് കേരളത്തിലേക്ക് ഒഴുകി എത്തിയിട്ടുണ്ട്.

(ഡി) കരാറനുസരിച്ച് 2000 ജൂൺ 30 വരെ 12.30 ടി.എം.സി. ജലം ആണ് ലഭ്യമാക്കേണ്ടത്. ഇതിൽ 2000 ഫെബ്രുവരി 15 വരെ 11.121 ടി.എം.സി. ജലം ലഭിച്ചിട്ടുണ്ട്. ബാക്കി ജലം ജൂൺ 30-തിനകം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കവണക്കല്ല് ബ്രിഡ്ജ്-കം-റഗുലേറ്റർ ഷട്ടറിന്റെ നിർമ്മാണം

34 (2587) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കവണക്കല്ല് ബ്രിഡ്ജ് കം റഗുലേറ്റർ ഷട്ടറിന്റെ നിർമ്മാണം സംബന്ധിച്ച ടെന്ററിന്റെ വിശദാംശം നല്കാമോ ; ഈ പ്രവൃത്തിക്ക് ഇ.എം.ഡി. വച്ചിരുന്നുവോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 'ടേൺ കി' വ്യവസ്ഥയിൽ ജോലി ചെയ്യുവാൻ വർക്ക് ഓർഡർ നല്കിയത് എന്നായിരുന്നു ;

(സി) എഗ്രിമെന്റ് പ്രകാരം ഡിസൈൻ നിൽകിയ അംഗീകാരം വാങ്ങിയതെന്നാണ് ;

(ഡി) കാലാവധിക്കു മുമ്പ് ഷട്ടറുകൾ നിർമ്മിച്ച് ഫിറ്റ് ചെയ്തോയെന്ന് വ്യക്തമാക്കുമോ ;

(ഇ) ലോക്ക് ഗേറ്റുകളുടെ ഡിസൈൻ മാറിയപ്പോൾ ഇവിടെ ടെണ്ടർ ചെയ്യാതെ നല്കുന്നതിന് അനുവാദം ലഭിച്ചിരുന്നുവോ ;

(എഫ്) ഇവ ആർക്കാണ് നൽകിയത് ; ഈ ഇടപാടിൽ നഷ്ടം സംഭവിച്ചതായി കണക്കാക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ ;

(ജി) തണ്ണീർമുക്കം ബണ്ടിൽ അധികം വന്ന ഷട്ടറുകളിൽ മാറ്റം വരുത്തി ഈ പ്രോജക്ടിന് ഉപയോഗിക്കുവാൻ അനുവാദം ലഭിച്ചിരുന്നോ ;

(എച്ച്) എങ്കിൽ ഈ തീരുമാനം നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഐ) ഇതുമൂലം അധിക ചെലവുണ്ടായതായി കണക്കാക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കവണക്കല്ല് ബ്രിഡ്ജ് കം റഗുലേറ്റർ ഷട്ടറിന്റെ നിർമ്മാണം ടേൺകീ വ്യവസ്ഥയിൽ ടെണ്ടറുകൾ വിളിക്കുകയും, കേരള സർക്കാർ സ്ഥാപനമായ കെല്ലിന് ജോലി നല്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തിക്ക് 50, 000 രൂപ ഇ. എം.ഡി. നിശ്ചയിച്ചിരുന്നു. കരാറുകാർ നിശ്ചിത ഇ.എം.ഡി.യോ അതിൽ നിന്ന് ഒഴിവാക്കുന്ന സർട്ടിഫിക്കറ്റുകളോ നൽകിയിരുന്നു.

(ബി) 6-2-1997-ൽ

(സി) എംബഡ്ഡ് പാർട്സും സിൽ ബിയും 24-3-1997-ലും റെഗുലേറ്റർ ഷട്ടറുകൾ 24-3-1997-നും ലോഗ് ഗേറ്റുകൾ 15-10-1998-ലും ഹോയിസ്റ്റ് ബ്രിഡ്ജും ഹോയിസ്റ്റ് അസംബ്ലിയും 30-1-1999-ലും അംഗീകാരം നൽകിയിട്ടുണ്ട്.

(ഡി) സിവിൽ ജോലികൾ തീരുന്ന മുറയ്ക്കാണ് ഷട്ടറുകൾ സ്ഥാപിക്കുന്നത്.

(ഇ) സർക്കാർ ഉത്തരവ് പ്രകാരം അനുവാദം നൽകിയിരുന്നു.

(എഫ്) ഈ ജോലികളും കെല്ലിനു തന്നെയാണ് നൽകിയത്. നഷ്ടം സംഭവിച്ചിട്ടില്ല.

(ജി) ഇല്ല.

(എച്ച്) ഉദിക്കുന്നില്ല.

(ഐ) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly